# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2668 — 06/12/2018 ൽ മറുപടിക്ക്

**<u>പമ്പയിലെ അടിസ്ഥാന സൗകര്യങ്ങൾ പുന:സ്ഥാപിക്കാൻ നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എം. മുകേഷ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.ഐ.ബി. സതീഷ് | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

<table>
<tr>
<td>(എ)</td>
<td>പ്രളയം മൂലം തകർന്ന പമ്പയിൽ അടിസ്ഥാന സൗകര്യങ്ങൾ പുന:സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;</td>
<td>(എ)</td>
<td>അന്നദാനമണ്ഡപം, റെസ്റ്റോറന്റ് ബ്ലോക്ക് എന്നിവയിൽ അടിഞ്ഞു കൂടിയ മണ്ണ് മാറ്റി വൃത്തിയാക്കുകയും നദിയുടെ ഗതി പുനഃ സ്ഥാപിക്കുകയും ചെയ്തു. പൈപ്പലൈനുകൾ പുനസ്ഥാപിച്ച STP ഉപയോഗയോഗ്യമാക്കി. STP യിലേക്കുള്ള പൈപ്പുകളുടെ അറ്റകുറ്റപണികൾ നടത്തി. സെപ്റ്റിക് ടാങ്ക് ഉപയോഗയോഗ്യമാക്കി. 270 ഓളം ടോയ് ലെറ്റുകൾ ഉപയോഗയോഗ്യമാക്കി 110, ബയോ ടോയ് ലെറ്റുകളും യൂറിനലുകളും സ്ഥാപിച്ചു. കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിനും പമ്പ ത്രിവേണിക്കും ഇടയിലായി രണ്ട് സ്ഥലങ്ങളിലായി തകർന്ന റോഡ് മണ്ഡലകാലത്തിന് മുമ്പ് തന്നെ പൂർണ്ണമായി ഗതാഗത യോഗ്യമാക്കി.</td>
</tr>
<tr>
<td>(ബി)</td>
<td>ശബരിമലയുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം പമ്പയിൽ ആരംഭിച്ച എന്തെല്ലാം നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളാണ് പ്രളയത്തിൽ നശിച്ചു പോയതെന്നും വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>ശബരിമല വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.
<table>
<tr><th>നം</th><th>പദ്ധതി</th><th>അടങ്കൽ തുക (ലക്ഷത്തിൽ)</th><th>അനുവദിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>1.</td><td>ശബരിമല വികസനം (എരുമേലി-പമ്പ-സന്നിദാനം)</td><td>9998..92</td><td>1999.92</td></tr>
</table>
</td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td></td><td></td></tr>
<tr><td>2</td><td>ശ്രീ പത്മനാഭ-ആറന്മുള-ശബരിമല വികസനം</td><td>മൊത്തം പദ്ധതി തുക 9244.26 ലക്ഷം രൂപ അതിൽ ശബരിമല ഘടകത്തിനായി 600 ലക്ഷം രൂപ.</td><td>മൊത്തം ലഭിച്ച തുക 4475.49 ലക്ഷം രൂപ അതിൽ ശബരിമല ഘടകത്തിനായി ഉപയോഗിച്ചത് 123.60 ലക്ഷം രൂപ.</td></tr>
</table>
മേൽ പദ്ധതിയുടെ ഭാഗമായി പമ്പയിൽ പ്രവർത്തികൾ ആരംഭിയ്ക്കുന്നതിനായി സജ്ജമാക്കിയിരുന്ന സാധന സാമഗ്രികൾ മുഴുവനും പ്രളയത്തിൽ ഒഴുകി പോയി.
</td>
</tr>
<tr>
<td>(സി)</td>
<td>വെള്ളപ്പൊക്കത്തിൽ ഇടിഞ്ഞുപോയ പമ്പാതീരത്തെ കെട്ടിടങ്ങൾ പുതുക്കി പണിയുകയോ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യരുതെന്ന് സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പമ്പയിലെ പുനരുദ്ധാരണ പ്രവൃത്തികളെ ഇത് എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td>
<td>(സി)</td>
<td>ഉണ്ട്. ഇത് പമ്പയിലെ പുനരുദ്ധാ രണ പ്രവൃത്തികളെ കാര്യമായി ബാധിച്ചിട്ടില്ല.</td>
</tr>
<tr>
<td>(ഡി)</td>
<td>ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പമ്പയിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?</td>
<td>(ഡി)</td>
<td>ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ് കമ്പനിയുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡി ന്റെയും, ഇറിഗേഷൻ വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബിയുടെയും സഹകരണ ത്തോടെയാണ് പുനരുദ്ധാരണ പ്രവർത്തികൾ നടത്തിയിട്ടുള്ളത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ